## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2610** **18.06.2018-ൽ മറുപടിയ്ക്ക്**

## മലയോര ഹൈവേയുടെ നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.സി.ജോസഫ്** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| **(എ)** മലയോര ഹൈവേയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | **(എ)** മലയോര ഹൈവേ നിർമ്മാണത്തിന്റെ ആദ്യഘട്ടത്തിൽ 26 റീച്ചുകളാണ് ഉൾപ്പെടുത്തിയിരുന്നത്. ഇതിൽ 20 പദ്ധതികളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. 15 പദ്ധതികൾക്ക് അംഗീകാരമായി 4 പദ്ധതികൾ ടെണ്ടർ നടപടികളുടെ അവസാന ഘട്ടത്തിലാണ്. തിരുവനന്തപുരം ജില്ലയിലെ രണ്ടാംഘട്ടത്തിലെ 2 പദ്ധതികൾക്കും അംഗീകാരം ലഭിച്ചു. വനമേഖലയിലൂടെ കടന്നുപോകുന്ന ഭാഗത്ത് വനഭൂമി ആവശ്യമായ സ്ഥലങ്ങളിൽ വനം വകുപ്പിൽ നിന്നും വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| **(ബി)** ഇതിന്റെ ആദ്യഘട്ടമായി എത്ര കിലോമീറ്റർ റോഡ് പൂർത്തിയാക്കുവാനാണ് നിശ്ചയിച്ചിട്ടുള്ളത്; | **(ബി)** ഒന്നാം ഘട്ടത്തിൽ 777 കി.മീ. റോഡാണ് പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നത്. |
| **(സി)** ഇതിന് കിഫ്ബി ബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപ ലഭ്യമാക്കി എന്നറിയിക്കാമോ; | **(സി)** ആദ്യഘട്ടത്തിലെ ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്ന 4 പ്രവൃത്തികൾക്ക് 395.42 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. |
| **(ഡി)** പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | **(ഡി)** ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്ന 4 പദ്ധതികൾ 2 വർഷത്തിനകം പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ